# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.09.2026**

## പ്രധാനവാർത്തകൾ

1) ഇ.പി.എഫ് പദ്ധതിക്കായുള്ള പ്രതിമാസ വേതനപരിധി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തി കേന്ദ്ര മന്ത്രിസഭായോഗം.

2) സൗദി അറേബ്യയിലെ മക്കയ്ക്ക് സമീപമുണ്ടായ ഡ്രോൺ ആക്രമണത്തെ അപലപിച്ച് ഇന്ത്യ. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടണമെന്ന് വിദേശകാര്യമന്ത്രാലയം.

3) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പുതിയ വൈദ്യുതി നയം രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

4) പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കുന്നതിനോട് അനുബന്ധിച്ചുള്ള, സേവ സങ്കൽപ് അഭിയാന് രാജ്യത്ത് നാളെ തുടക്കം.

5) വെള്ള, നീല റേഷൻകാർഡുകൾക്കുള്ള അരി വിഹിതം അഞ്ച് കിലോവരെ വർധിപ്പിക്കുന്ന കാര്യം പരിഗണനയിലെന്ന് മന്ത്രി അനൂപ് ജേക്കബ്.

6) കന്നി മാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു.

*******************

RNU TVPM

## കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം(ഇൻട്രോ)

എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് പദ്ധതിക്കായുള്ള പ്രതിമാസ വേതനപരിധി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തി കേന്ദ്ര മന്ത്രിസഭാ യോഗം . 51 ലക്ഷത്തിലധികം ജീവനക്കാർ കൂടി ഇതിലൂടെ EPF പരിരക്ഷയുടെ പരിധിയിൽ വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 25,000 രൂപ വരെ ശമ്പളമുള്ള തൊഴിലാളികൾക്ക് ഇതിലൂടെ ഇപിഎഫ് പരിരക്ഷ നിർബന്ധമായും ലഭിക്കും. പ്രതിവർഷം 11,339 കോടിയോളം രൂപയുടെ അധിക ചെലവാണ് ഇതിനായി വേണ്ടിവരികയെന്നും ശ്രീ. അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ്)

*******************

## സൗദി അറേബ്യ മക്ക

സൗദി അറേബ്യയിലെ മക്കയ്ക്ക് സമീപമുണ്ടായ ഡ്രോൺ ആക്രമണത്തിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സാധാരണക്കാരുടെ ജീവനും, അടിസ്ഥാന സൗകര്യങ്ങൾക്കും ഭീഷണിയാകുന്ന ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിക്കുന്നതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. മേഖലയിൽ എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കപ്പെടുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു.

RNU TVPM

*******************

## മന്ത്രിസഭാ യോഗം

സംസ്ഥാനത്ത് നിക്ഷേപ പദ്ധതികൾക്കുള്ള അനുമതികൾ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി 'സരൾ കേരളം' പദ്ധതിക്ക് അംഗീകാരം നൽകി മന്ത്രിസഭയോഗം. 25 മുതൽ 50 കോടി രൂപ വരെ നിക്ഷേപമുള്ള പദ്ധതികൾക്ക് ജില്ലാതല സമിതിയും 50 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് സംസ്ഥാനതല സമിതിയും

രൂപീകരിക്കുമെന്ന് മന്ത്രിസഭാ യോഗത്തിനുശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു. എറണാകുളത്ത് രണ്ട് പ്രത്യേക എൻ ഐ എ കോടതികൾ സ്ഥാപിക്കാനും ആരോഗ്യ വകുപ്പിൽ 18 റേഡിയോഗ്രാഫർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമായി.

*******************

## റീ ഇമാജിനിങ് കേരളം (ഇൻട്രോ)

പുതുയുഗകേരളം കെട്ടിപ്പടുക്കാനുള്ള യാത്രയിൽ പ്രഖ്യാപനങ്ങളെ യാഥാർഥ്യമാക്കാനുള്ള സുപ്രധാന ചുവടുവയ്പ്പാണ് റീ ഇമാജിനിങ് കേരളം റൗണ്ട് ടേബിൾ കോൺഫറൻസെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന റൗണ്ട് ടേബിൾ കോൺഫറൻസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. എത്ര പദ്ധതികൾ പ്രഖ്യാപിച്ചുവെന്നതല്ല, അതിൽ എത്രയെണ്ണം ഗുണമേന്മയോടെ, സമയബന്ധിതമായി നടപ്പാക്കി എന്നതാണ് പ്രധാനമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

*******************

## വൈദ്യുതി നയം- മുഖ്യമന്ത്രി

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ വൈദ്യുതി നയം രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സൗരോർജം ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം വർധിപ്പിക്കുന്നതിനൊപ്പം ബാറ്ററി സ്റ്റോറേജ്, പമ്പ്ഡ് സ്റ്റോറേജ് തുടങ്ങിയ സംവിധാനങ്ങൾ വ്യാപിപ്പിക്കും. കെഎസ്ഇബി- യെ സ്വകാര്യവൽക്കരിക്കില്ലെന്നും മറിച്ച് കൂടുതൽ സ്വയംപര്യാപ്തമാക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*******************

RNU TVPM

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്ന് രാത്രിയും വൈദ്യുതി മുടങ്ങാൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി. രാത്രി 12:45 വരെയായിരിക്കും നിയന്ത്രണം.

*******************

## സെമികോൺ ഇന്ത്യ 2026

ആഗോള സെമികണ്ടക്ടർ മേളയായ 'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും. 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേക പവലിയനും മേളയിൽ ഒരുക്കിയിട്ടുണ്ട്.

*******************

RNU TVPM

## സ്വച്ഛത ഹി സേവ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കുന്നതിനോട് അനുബന്ധിച്ചുള്ള, സേവ സങ്കൽപ് അഭിയാന് രാജ്യത്ത് നാളെ തുടക്കം. കേന്ദ്രമന്ത്രിമാർ പരിപാടിയിൽ പങ്കെടുത്ത് ദീപങ്ങൾ തെളിയിക്കും. ഒരു മാസം നീളുന്ന പരിപാടികളിൽ, വിവിധ കേന്ദ്രപദ്ധതികളുടെ ഗുണഭോക്താക്കളും അണിനിരക്കും. 'സ്വച്ഛത ഹി സേവ 2026' ക്യാമ്പയിനും രാജ്യത്ത് നാളെ തുടക്കമാകും. പൊതുവിടങ്ങളുടെ ശുചീകരണം, ശുചീകരണ പ്രവർത്തനങ്ങളിലെ യുവജന പങ്കാളിത്തം എന്നിവ ലക്ഷ്യമിട്ട് ഒക്ടോബർ 17 വരെയാണ് രാജ്യവ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സ്വച്ഛസാഗർ സുരക്ഷിതസാഗർ കാമ്പെയിൻറെ ഭാഗമായി കടൽത്തീരങ്ങളിൽ വിപുലമായ ശുചീകരണ പരിപാടികളും വരും ദിവസങ്ങളിൽ നടക്കും.

*******************

## സാഹിബ് ഫാൽക്കെ അവാർഡ്

2024 ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് കന്നഡ നടൻ അനന്ത് നാഗിന് . ചലച്ചിത്രമേഖലയിൽ അഞ്ച് ദശാബ്ദങ്ങളായി നൽകിവരുന്ന സംഭാവനകൾ പരിഗണിച്ചാണ്

പുരസ്കാരം. ഗുജറാത്തിലെ കെവാഡിയയിൽ ഈ മാസം 22 നടക്കുന്ന 72 -ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാര വിതരണ ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.

*******************

## കെ സ്റ്റോർ

വെള്ള, നീല റേഷൻകാർഡുകൾക്കുള്ള അരി വിഹിതം അഞ്ച് കിലോവരെ വർധിപ്പിക്കുന്ന കാര്യം പരിഗണനയിലെന്ന് മന്ത്രി അനൂപ് ജേക്കബ്. ഗ്രാമീണ ബാങ്ക് സേവനങ്ങൾ കൂടി റേഷൻകടകളിൽ ഏർപ്പെടുത്തുന്നതിൻറെ സാധ്യത പരിഗണനയിലുണ്ടെന്നും മന്ത്രി അറിയിച്ചു. ചില്ലറ റേഷൻ വ്യാപാരികളുടെ വേതനവർധനാ പാക്കേജ് സംബന്ധിച്ച ഫയൽ എത്രയും വേഗം സർക്കാരിന്റെ പരിഗണനയ്ക്കു വിടാനും മന്ത്രി നിർദ്ദേശം നൽകി.

RNU TVPM

*******************

## ശബരിമല (ഇൻട്രോ)

കന്നി മാസ പൂജയ്ക്കായി ശബരിമല നട തുറന്നു. കന്നി ഒന്നായ നാളെ രാവിലെ അഞ്ചു മണി മുതലാണ് പൂജകൾ ആരംഭിക്കുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

*******************

## നിമജ്ജന ഘോഷയാത്ര

വിനായക ചതുർത്ഥി ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്രയോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് രാത്രി 9 മണി വരെ ഗതാഗതക്രമീകരണം ഏർപ്പെടുത്തി. കിഴക്കേക്കോട്ടയിൽ നിന്നാരംഭിച്ച് പാളയം വഴി ശംഖുംമുഖത്താണ് ഘോഷയാത്ര സമാപിക്കുക.

*******************

## കെഎസ്ആർടിസി പാക്കേജ്

കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിന്റെ ലക്ഷദ്വീപ്, ഹൈദരാബാദ് പാക്കേജ് സർവീസ് ഈ മാസം 22 ന് മന്ത്രി സി.പി ജോൺ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പുതിയ ഓൺലൈൻ ബുക്കിങ് സോഫ്റ്റ്വെയറും അന്നേദിവസം പ്രവർത്തനസജ്ജമാകും. ഇന്ത്യൻ റെയിൽവേയുടെ മാതൃകയിൽ ടിക്കറ്റ് റിസർവേഷന് വെയിറ്റിങ് ലിസ്റ്റ് സംവിധാനവും ഇതിലൂടെ ഏർപ്പെടുത്തുന്നുണ്ട്.

*******************

## റിപ്പോർട്ടർ റെയ്ഡ്

ഫുട്ബോൾ താരം ലയണൽ മെസ്സിയെ കേരളത്തിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ റിപ്പോർട്ടർ ചാനൽ മേധാവി ആൻറോ അഗസ്റ്റിൻറെ കാക്കനാട്ടെ ഫ്ലാറ്റിലും, ചാനലിൻറെ കൊച്ചി ഓഫീസിലും പോലീസ് റെയ്ഡ് നടത്തി. അന്വേഷണവുമായി പൂർണമായും സഹകരിക്കുമെന്ന് ആന്റോ അഗസ്റ്റിൻ മാധ്യമങ്ങളോട് പറഞ്ഞു. ചാനലിൻറെ ന്യൂസ് റൂമിൽ പോലീസ് സംഘം പരിശോധനയ്ക്ക് എത്തിയതിനെതിരെ വ്യാപകമായി പ്രതിഷേധമുയരുകയാണ്. അതിനിടെ അഗസ്റ്റിൻ സഹോദരങ്ങളുടെ വയനാട്ടിലെ വസതിയിൽ എസ്.ഐ.റ്റി നടത്തിയ പരിശോധനയ്ക്കിടെ 43 ലിറ്റർ വിദേശമദ്യവും ഏഴ് ലിറ്റർ വൈനും കണ്ടെടുത്ത സംഭവത്തിൽ എക്സൈസ് തുടർനടപടികൾ ആരംഭിച്ചു.

RNUTVPM

*******************

## ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

വഴുതയ്ക്കാട് സർക്കാർ അന്ധ വിദ്യാലയ പ്രഥമാദ്ധ്യാപകചുമതല വഹിക്കുന്ന കാഴ്ചയില്ലാത്ത അദ്ധ്യാപകൻ ബി വിനോദിനെ മർദ്ദിച്ച സംഭവത്തിൽ പ്രകടനവും പ്രതിഷേധ ധർണ്ണയും നടത്തി കേരളാ ഫെഡറേഷൻ ഓഫ് ദി

ബ്ലൈൻഡ്. വിദ്യാലയത്തിൽ മുൻപ് പ്രഥമാദ്ധ്യാപക ചുമതല വഹിച്ചിരുന്ന ലീന സി ലംബോദരനെ സംഭവത്തിൻറെ അടിസ്ഥാനത്തിൽ ജാമ്യമില്ലാ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടായിരുന്നു ധർണ.

*******************

## ഈൽ മത്സ്യം

അറബിക്കടലിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം ഈൽ മത്സ്യം ഇനി സിഎംഎഫ്ആർഐയുടെ പേരിൽ അറിയപ്പെടും. കൊല്ലം തീരത്തുനിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിൽ നിന്ന് കഴിഞ്ഞ ജനുവരിയിൽ കണ്ടെത്തിയ മീനിന് അരിയോസോമ സിഎംഎഫ്ആർഐ യൻസെ എന്ന് നാമകരണം ചെയ്തു. സിഎംഎഫ്ആർഐയിലെ ഗവേഷകരാണ് ഇത് പുതിയ ഇനം ഈൽ മത്സ്യമാണെന്ന് തിരിച്ചറിഞ്ഞത്.

*******************

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 333 പോയിൻറ് നേട്ടത്തിലും, നിഫ്റ്റി 99 പോയിൻറ് നേട്ടത്തിലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 200 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 12,520 രൂപയും ഗ്രാമിന് 14,065 രൂപയുമാണ് ഇന്നത്തെ വില.

*******************

## അറസ്റ്റ്-കോഴിക്കോട്

കോഴിക്കോട് ചേവായൂർ ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പ് സംഘർഷവുമായി ബന്ധപെട്ട കേസിൽ രണ്ട് പേർ അറസ്റ്റിൽ. സി പി എംജില്ലാ സെക്രട്ടറിയേറ്റ് അംഗം എം ഗിരീഷുൾപ്പടെയാണ് അറസ്റ്റിലായത്.

*******************

## ആറന്മുള വള്ളസദ്യ

ആറന്മുള വള്ളസദ്യക്കാലത്തിന് സമാപനമായി. ഏഴ് വള്ളസദ്യകളാണ് ഇന്ന് നടന്നത്. ആറന്മുള പാർത്ഥസാരഥി

RNUTVPM

ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിൽ ഒന്നായ വള്ളസദ്യ  പള്ളിയോട സേവാ സംഘവും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായാണ് കഴിഞ്ഞ രണ്ടു മാസക്കാലമായി  നടത്തിവന്നത്.

*******************

## കവരത്തി പരിശീലനം

ലക്ഷദ്വീപ് കവരത്തിയിൽ യുവാക്കൾക്കും ചെറുകിട കർഷകർക്കുമായി പോഷകത്തോട്ടം, മണ്ണിര കമ്പോസ്റ്റിംഗ് എന്നിവയിൽ മൂന്ന് ദിവസത്തെ പരിശീലന പരിപാടിക്ക് തുടക്കമായി. കൃഷി വിജ്ഞാൻ കേന്ദ്രം ലക്ഷദ്വീപിന്റെ ആഭിമുഖ്യത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

*******************

**********

****

RNU TVPM